
First Print
CLOTH FLEX
& VINYL
PRINTING
RAMU'S SHOPPING MALL
OPP. HOLY FAMILY HOSPITAL, OLLUR
firstprintollur@gmail.com
0487 2356030, 9744502098, 9061356030
Hoardings, Sign Board, Name Board, Graphics Designing etc..


പഴമ
തലോർ
മഹാദേവ ക്ഷേത്രത്തിന് സമീപം
ഫോൺ: 9847616608
പൂച്ചിന്നിപ്പാടം
(മുരളി ടൈൽസിന് മുൻവശം)
നടത്തറ
(സിഗ്നൽ ജംഗ്ഷൻ)
പൂജാസാധനങ്ങൾ,
നമ്പൂതിരി ഇല്ലങ്ങളിൽ ഉണ്ടാക്കുന്ന അച്ചാറുകൾ,
പാലക്കാടൻ അയ്യേഴ്സ് കൊണ്ടാട്ടങ്ങൾ,
വെളിച്ചെണ്ണയിൽ വറുത്തെടുക്കുന്ന ചിപ്സ്,
ജൈവ ഉൽപന്നങ്ങൾ,
വെള്ളി ആഭരണങ്ങൾ,
കൂത്താമ്പുള്ളി സെറ്റ് മുണ്ടുകൾ
കീർത്തി രാജ്
കിഴിയേടത്ത് മന
98476 16608


ഓം നമഃ ശിവായ
തലോർ ശ്രീ മഹാദേവക്ഷേത്രം
ശിവം ശിവകരം ശാന്തം
ശിവാത്മാനം ശിവോത്തമം
ശിവമാർഗ്ഗ പ്രണേതാരം
പ്രണതോസ്മി സദാശിവം
സർവ്വമംഗള മംഗല്ല്യേ
ശിവേസർവ്വാർത്ഥ സാധികേ
ശരണ്യേത്ര്യംബകേ ഗൗരി
നാരായണി നമോസ്തുതേ.
ശിവരാത്രി
മഹോത്സവം
2023 ഫെബ്രുവരി 16,17,18 (1198 കുംഭം 4,5,6)
വിശേഷാൽ പൂജകൾ * വിവിധ കലാപരിപാടികൾ

ഓം നമഃ ശിവായ



ശിവം ശിവകരം ശാന്തം
ശിവാത്മാനം ശിവോത്തമം
ശിവമാർഗ്ഗ പ്രണേതാരം
പ്രണതോസ്മി സദാശിവം

# ശിവരാത്രി മഹോത്സവം

2023 ഫെബ്രുവരി 16,17,18 (1198 കുംഭം 4,5,6)

ഓം നമഃ ശിവായ



സർവ്വമംഗള മംഗല്ല്യേ
ശിവേസർവ്വാർത്ഥ സാധികേ
ശരണ്യേത്ര്യംബകേ ഗൗരി
നാരായണി നമോസ്തുതേ.

ഭക്തജനങ്ങളെ...

തൃശ്ശൂർ ജില്ലയിലെ പ്രധാനപ്പെട്ട ശിവക്ഷേത്രങ്ങളിൽ ഒന്നായ തലോർ ശ്രീ മഹാദേവക്ഷേത്രത്തിലെ **ശിവരാത്രി മഹോത്സവം 2023 ഫെബ്രുവരി 16,17,18 (1198 കുംഭം 4,5,6) വ്യാഴം, വെള്ളി, ശനി** ദിവസങ്ങളിൽ വിവിധ കലാപരിപാടികളോടെ ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ശ്രീമഹാദേവൻ, ശ്രീപാർവ്വതിദേവി, മഹാഗണപതി, ശങ്കരനാരായണൻ, ശാസ്താവ്, ഭദ്രകാളി, നാഗങ്ങൾ എന്നീ ദേവീദേവന്മാർ വാണരുളുന്ന ഈ മഹാക്ഷേത്രത്തിന്റെ പഴക്കം നിർണ്ണയിക്കാൻ പ്രയാസമാണ്. ആറാട്ടുപുഴ പൂരത്തിൽ പങ്കെടുക്കുന്ന ചക്കംകുളം ശാസ്താവ് ഇറക്കി പൂജയ്ക്കുശേഷം ദേവസ്വം പറമ്പിൽവെച്ച് ഉപചാരം ചൊല്ലി പോകുന്നതിനാൽ ക്ഷേത്രത്തിന് ആറാട്ടുപുഴ പൂരത്തിനേക്കാൾ പഴക്കം ഉണ്ടെന്ന് അനുമാനിക്കാവുന്നതാണ്.

വേദമന്ത്രങ്ങളാലും, വിശേഷാൽ പൂജകളാലും ദേവീദേവ ചൈതന്യം നിറഞ്ഞു നിൽക്കുന്ന ഈ ക്ഷേത്രത്തിന്റെ മഹത്വം പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. ഉത്സവനാളുകളിൽ ക്ഷേത്രദർശനം നടത്തി യഥാശക്തി വഴിപാടുകൾ നടത്തി ദേവീദേവന്മാരുടെ കൃപാകടാക്ഷങ്ങൾക്ക് പാത്രീഭൂതരാകുവാൻ താൽപര്യപ്പെടുന്നു.

ശിവരാത്രി മഹോത്സവത്തിന്റെ മൂന്ന് നാളുകളിലും ക്ഷേത്രചടങ്ങുകൾക്കു പുറമെ **വിശേഷാൽ പൂജകൾ, ശ്രീരുദ്ര ജപധാര, ശ്രീഭൂതബലി, നിറമാല, ചുറ്റുവിളക്ക്, 101 കതിന വെടി വഴിപാട് തുടങ്ങിയവ ഉണ്ടായിരിക്കുന്നതാണ്. ഉത്സവനാളുകളിൽ സന്ധ്യക്ക് തായമ്പക, പാഠകം, ചാക്യാർകൂത്ത്** തുടങ്ങിയ കലാപരിപാടികളും, ശിവരാത്രി ദിവസം രാവിലെ 9.30ന് യുവ കലാകാരൻ **ചെറുശ്ശേരി ആനന്ദ് മാരാരുടെ** പ്രമാണത്തിൽ **പാണ്ടിമേളം** തലോർ സെന്ററിൽ നിന്നും തുടങ്ങി ഉച്ചയ്ക്ക് 12ന് ക്ഷേത്രത്തിൽ സമാപിക്കുന്നു. തുടർന്ന് അന്നദാനം. ദീപാരാധനക്കുശേഷം ഭക്തിനിർഭരമായ **ശയനപ്രദക്ഷിണം** നടക്കുന്നതാണ്. രാത്രി തായമ്പകയ്ക്കു ശേഷം ശ്രീമഹാദേവനെ പുറത്തേക്കെഴുന്നള്ളിച്ച് **മേളകലാരത്നം ചെറുശ്ശേരി കുട്ടൻമാരാരുടെ** പ്രമാണത്തിൽ പ്രസിദ്ധരായ കലാകാരന്മാർ പങ്കെടുക്കുന്ന **പഞ്ചാരിമേളം** അരങ്ങേറുന്നതാണ്. ശ്രീമഹാദേവനെ പുറത്തേക്ക് എഴുന്നള്ളിക്കുമ്പോൾ ഭക്തജനങ്ങൾക്ക് പറനിറച്ച് വണങ്ങുന്നതിനുള്ള സൗകര്യവും, ഈ സമയത്തെ ദർശനംകൊണ്ട് സർവ്വവിധ ഐശ്വര്യങ്ങളും ആയുരാരോഗ്യസൗഖ്യവും, വിശിഷ്യ ശിവലോക പ്രാപ്തിയും ഉണ്ടാകുമെന്ന് പുരാണങ്ങൾ ഉദ്ഘോഷിക്കുന്നു.

തിരുവുത്സവ ചടങ്ങുകൾ ഭംഗിയാക്കുവാൻ എല്ലാ ഭക്തജനങ്ങളുടെയും, അഭ്യുദയകാംക്ഷികളുടേയും അകമഴിഞ്ഞ സാന്നിദ്ധ്യം പ്രതീക്ഷിച്ചുകൊണ്ട്. നിങ്ങൾ നൽകിയ സഹായ–സഹകരണങ്ങൾ നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം ഈ വർഷവും സർവ്വാത്മനാ സമർപ്പണങ്ങൾ ഉണ്ടാകണമെന്ന് താൽപര്യപ്പെടുന്നു. ഇഷ്ടവരദായകനായ ശ്രീമഹാദേവന്റെയും അനുഗ്രഹവർഷിണിയായ ശ്രീപാർവ്വതിദേവിയുടേയും കൃപാകടാക്ഷങ്ങൾ ഏവർക്കും ലഭിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ.

ശിവക്ഷേത്ര സേവാ സമിതി

## ഉത്സവാഘോഷങ്ങൾക്കുള്ള സംഭാവനകൾ

സെക്രട്ടറി, ശിവക്ഷേത്രസേവാസമിതി, ഫോൺ: 0487 2350555 / 8921970414
തലോർ, തൃശ്ശൂർ– 680306 എന്ന വിലാസത്തിൽ അയക്കുവാൻ താല്പര്യപ്പെടുന്നു.

**BANK: S.B.I THALORE, SIVAKSHETHRA SEVA SAMITHI**
**A/C NO: 41119425017 IFSE CODE: SBIN 0070470**

1. ക്ഷേത്രാചാര മര്യാദകൾ എല്ലാവരും കർശനമായി പാലിക്കുക!
ഭക്തജനങ്ങൾക്ക് സ്പോൺസർ ചെയ്യാവുന്ന പരിപാടികളുടെ വിവരങ്ങൾ കൗണ്ടറിൽ ലഭ്യമാണ്.
2. ശിവരാത്രിക്ക് ശ്രീമഹാദേവന് എണ്ണ വഴിപാടായി സമർപ്പിക്കുവാൻ താൽപര്യമുള്ളവർ ക്ഷേത്രനടയിൽ സമർപ്പിക്കാവുന്നതാണ്.

പരിപാടികളിൽ മാറ്റം വരുത്തുവാൻ കമ്മറ്റിക്ക് പൂർണ്ണഅധികാരം ഉണ്ടായിരിക്കുന്നതാണ്.



തിടമ്പേറ്റുന്ന ആന
**പുതുപ്പള്ളി അർജ്ജുനൻ**

### 2023 ഫെബ്രുവരി 16 വ്യാഴം (1198 കുംഭം 4)

| | | |
|---|---|---|
| രാവിലെ 5.00ന് | : | നിർമ്മാല്യ ദർശനം, 5.30ന് : ശ്രീരുദ്ര ജപധാര., ക്ഷേത്രത്തിലെ പതിവ് ചടങ്ങുകൾ |
| 9.30ന് | : | ഉച്ചപൂജക്കുശേഷം നടയടക്കുന്നു, വൈകീട്ട് 5.00ന് : നടതുറക്കുന്നു. |
| 6.00ന് | : | നിറമാല, ചുറ്റുവിളക്ക്, 101 കതിനവെടി, ദീപാരാധന |
| 6.30ന് | : | **പാഠകം** ശ്രീ. എ.പി. ദാമോദരൻ നമ്പീശൻ (AIR) |
| 7.30ന് | : | **ചാക്യാർകൂത്ത്** കലാമണ്ഡലം അനൂപ് |

### 2023 ഫെബ്രുവരി 17 വെള്ളി (1198 കുംഭം 5)

| | | |
|---|---|---|
| രാവിലെ 5.00ന് | : | നിർമ്മാല്യ ദർശനം, ക്ഷേത്രത്തിലെ പതിവ് ചടങ്ങുകൾ |
| 9.30ന് | : | ഉച്ചപൂജക്കുശേഷം നടയടക്കുന്നു, വൈകീട്ട് 5.00ന് : നടതുറക്കുന്നു. |
| 6.00ന് | : | നിറമാല, ചുറ്റുവിളക്ക്, 101 കതിനവെടി, ദീപാരാധന അത്താഴപൂജക്കുശേഷം നടയടക്കുന്നു. |
| 6.30ന് | : | ശ്രീരാമകൃഷ്ണ വിദ്യാനികേതൻ സ്കൂൾ നന്തിക്കര അവതരിപ്പിക്കുന്ന വിവിധ പരിപാടികൾ |

### 2023 ഫെബ്രുവരി 18 ശനി (1198 കുംഭം 6)

| | | |
|---|---|---|
| രാവിലെ 5.00ന് | : | നിർമ്മാല്യ ദർശനം |
| 5.30ന് | : | ശംഖാഭിഷേകം, മലർനിവേദ്യം തുടർന്ന് ക്ഷേത്രചടങ്ങുകൾ |
| 7.00ന് | : | ഉഷപൂജ, 8.45ന് : കലശാഭിഷേകം |
| 9.15ന് | : | ഉച്ചപൂജ, ശ്രീഭൂതബലി |
| 9.30ന് | : | തലോർ സെന്ററിൽ നിന്നും ചെറുശ്ശേരി ആനന്ദ് മാരാർ നയിക്കുന്ന **പാണ്ടിമേളം** തുടർന്ന് അന്നദാനം |
| വൈകീട്ട് 5.00ന് | : | നടതുറക്കുന്നു. |
| 6.00ന് | : | നിറമാല, ചുറ്റുവിളക്ക്, 101 കതിനവെടി, ദീപാരാധന, ഭക്തിനിർഭരമായ **ശയനപ്രദക്ഷിണം** |
| 7.45ന് | : | **തായമ്പക** |
| 9.15ന് | : | ശിവരാത്രി വിളക്കിനായി പുറത്തേക്കെഴുന്നള്ളിപ്പ് ഭക്തജനങ്ങളുടെ പറനിറയ്ക്കൽ തുടർന്ന് മേളകലാരത്നം **ചെറുശ്ശേരി കുട്ടൻ മാരാരുടെ** പ്രമാണത്തിൽ **പഞ്ചാരിമേളം** |

